# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:551** **21.11.2019-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യസമ്പത്തിലുള്ള കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിലുള്ള കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 4851 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി കൾ എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. |

സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് (3.2 കോടി രൂപ) എച്ച്.എൽ.ഇ.സി -ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതി കൾ യഥാക്രമം നടപ്പിലാക്കിവരുന്നു. കരിമീനിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് അഷ്ടമുടി, വേമ്പനാട് കായലുകളിൽ 2 ഹെക്ടർ വിസ്തീർണ്ണമുള്ള 20 സംരക്ഷിത ആവാസ കേന്ദ്രങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി വ്യാപകമാക്കാൻ പരിപാടിയുണ്ടോ; ആവശ്യാനുസരണം മത്സ്യവിത്തുല്പാദനം സാധ്യമാകുന്നുണ്ടോ;

ബി) സംസ്ഥാനത്തെ ജല സംഭരണികളിൽ കൂട് മത്സ്യകൃഷി വ്യാപകമാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ മലമ്പുഴ, പഴശ്ശി എന്നീ ജലസംഭരണികളിൽ കൂട് കൃഷി നടപ്പിലാക്കി.റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി ചെയ്യുന്നതിലേക്ക് 3.2 കോടി രൂപയുടെ അംഗീകാരം എച്ച്.എൽ.ഇ.സി -ൽ നിന്നും ലഭിച്ചിട്ടുണ്ട്. മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗ മായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/

ഹാച്ചറികൾ നവീകരിക്കുന്നതിനും, പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഉൾനാടൻ മത്സ്യ മേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ, നേഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതനുസരിച്ചുള്ള മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നടപ്പു സാമ്പത്തികവർഷം വിവിധ സീഡ് ഫാമുകൾ/ ഹാച്ചറികളിലായി 800 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| സി) ഗവേഷണങ്ങളും മാർഗനിർദ്ദേശവും വഴി മത്സ്യസമ്പത്ത് വർദ്ധനവിന് ഫിഷറീസ് സർവ്വകലാശാലയുടെ ഇടപെടൽ ഫലപ്രദമാകുന്നുണ്ടോ; വ്യക്തമാക്കുമോ? | സി) ഉണ്ട്. മത്സ്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കുഫോസിലെ അക്വാട്ടിക് അനിമൽ ഹെൽത്ത് വകുപ്പിന്റെ സേവനം ലഭ്യമാകാറുണ്ട്. ഇത് കൂടാതെ മത്സ്യ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന "standard operating procedure" (SOP) കൾക്ക് മറ്റു കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് പുറമേ കുഫോസും പങ്കാളിയാണ്. ഫിഷറീസ് സർവ്വകലാശാലയുടെ വിജ്ഞാപന വ്യാപന വിഭാഗം സംസ്ഥാന |

സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ മത്സ്യകൃഷിയുടെ വൈവിധ്യവത്ക്കരണം വഴി കൂടുതൽ സ്ഥലങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ച്, മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല മത്സ്യകൃഷി, ഓരുജല മത്സ്യ/ചെമ്മീൻ കൃഷി, സംയോജിത മത്സ്യകൃഷി, വളപ്പുകൃഷി, കൂടുമത്സ്യകൃഷി, അക്വാപോണിക്സ് മുതലായവയിൽ കർഷകർക്ക് പരിശീലനം നൽകി വരുന്നു. കൂടുതൽ കർഷകരെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലങ്ങളിൽ മാതൃകാ യൂണിറ്റുകൾ സ്ഥാപിച്ചും സാങ്കേതിക വിദ്യകൾ കൈമാറിയും വരുന്നുണ്ട്. കൂടാതെ, ബി.എഫ്.എസ്.സി, എം.എഫ്.എസ്.സി വിദ്യാർത്ഥികൾക്ക് ഫിഷറീസ് വകുപ്പിലെ മത്സ്യകൃഷി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 6 മാസത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**